**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി. 08.08.2022

## സർക്കുലർ

**പ്രിയപ്പെട്ട ജില്ലാ റിസോഴ്സ് പേഴ്സൺ,**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ചിട്ടപ്പെടുത്തുന്നതിനും 2022 ആഗസ്റ്റ് 3-ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കഴിഞ്ഞ ഏഴ് മാസക്കാലയളവിൽ ശരാശരി ഒരു മാസം ഏറ്റവും കുറഞ്ഞത് 10 ദിവസങ്ങളെങ്കിലും പ്രവൃത്തി എടുക്കാത്ത വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ സോഷ്യൽ ഓഡിറ്റിൽ നിന്നും ഒഴിവാക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. മുകളിൽ സൂചിപ്പിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് ഓരോ ബ്ലോക്കിൽ നിന്നും ഒഴിവാക്കപ്പെടേണ്ട വില്ലേജ് റിസോഴ്സ് പേഴ്സൺമാർ/ബി.ആർ. പി.(ഇൻചാർജ്ജ്)മാർ എന്നിവരെ സംബന്ധിച്ച് വിവരം ഇതോടൊപ്പമുള്ള ഫോറത്തിൽ ഒരാഴ്ചക്കകം സോഷ്യൽ ഓഡിറ്റ് യുണിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി മോണിറ്റർ ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ തലങ്ങളിലുള്ള റിസോഴ്സ് പേഴ്സൺമാരും അവരുടെ പ്രതിമാസ പ്രവർത്തന റിപ്പോർട്ട് (Monthly Activity Report) തയ്യാറാക്കി നൽകേണ്ടതാണ്. ജില്ലാ റിസോഴ്സ് പേഴ്സൺമാർ സോഷ്യൽ ഓഡിറ്റ് യുണിറ്റിലേയ്ക്കും ബ്ലോക്ക് റിസോഴ്സ് പേഴ്സൺ/ബ്ലോക്ക് റിസോഴ്സ് പേഴ്സൺ (ഇൻചാർജ്ജ്)മാർ ജില്ലാറിസോഴ്സ്പേഴ്സണിനും വില്ലേജ് റിസോഴ്സ് പേഴ്സൺമാർ ബി.ആർ.പി/ബി.ആർ.പി (ഇൻചാർജ്ജ്) മാർക്കുമാണ് പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി നൽകേണ്ടത്. ഓരോ മാസത്തേയും വേതനം വിതരണം ചെയ്യുന്നതിനായുള്ള സർട്ടിഫിക്കറ്റിനോടൊപ്പം നിർബന്ധമായും പ്രവർത്തന റിപ്പോർട്ട് അതത് തലത്തിൽ ലഭ്യമാക്കുന്നുണ്ട് എന്നുറപ്പു വരുത്തണം.

കാര്യക്ഷമവും ഫലപ്രദവുമായ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

**കോപ്പി:**

1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺ/ബി.ആർ.പി-ഇൻചാർജ്ജ്മാർക്കും
3. എല്ലാ വി.ആർ.പിമാർക്കും(ബി.ആർ.പി/ബി.ആർ.പി. (ഇൻചാർജ്ജ്) മുഖേന